നം.വി.ആർ. 248107/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം -14
തീയതി 15.06.2021

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി - അധ്യാപക കലാ സാഹിത്യ മത്സരം - സംബന്ധിച്ച്.

വിദ്യാരംഗം കലാസാഹിത്യവേദി ദേശീയ അധ്യാപകദിനാഘോഷത്തോടനുബന്ധിച്ച് സ്കൂൾ അധ്യാപകർക്കായി എല്ലാവർഷവും നടത്തുന്ന കലാസാഹിത്യമത്സരങ്ങൾ ഈ വർഷവും നടത്തുന്നതാണ്. കഥ, കവിത, തിരക്കഥ, നാടകം, ചിത്രം എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്. കഥയ്ക്കും കവിതയ്ക്കും വിഷയം ഏതുമാകാം. സ്വന്തം കഥയെ ആസ്പദമാക്കിയുള്ളതാകണം തിരക്കഥാരചന. ചിത്രരചനയ്ക്കു (വാട്ടർകളർ) **'കോവിഡ്കാലത്തെ ആശുപത്രി'** എന്നതാണു വിഷയം. ചിത്രരചനയുടെ പേപ്പർ സൈസ് **ഒരു ഡ്രോയിംഗ് ഷീറ്റിന്റെ പകുതി വലിപ്പത്തിൽ** ആയിരിക്കണം.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത സ്കൂളുകളിലെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലെ അധ്യാപകർക്കു മത്സരത്തിൽ പങ്കെടുക്കാം. കഴിഞ്ഞവർഷം (2019-20) സമ്മാനം ലഭിച്ചവർ വീണ്ടും അതേ ഇനത്തിൽ മത്സരിക്കാൻ പാടുള്ളതല്ല. 2020-21 വർഷം മത്സരത്തിനായി അപേക്ഷിച്ചിട്ടുള്ളവരുടെ രചനകൾ ഈ വർഷം പരിഗണിക്കുന്നതാണ്. കഴിഞ്ഞവർഷം അപേക്ഷിച്ചവർക്ക് പുതിയ രചനകളും മത്സരത്തിനായി അയയ്ക്കാവുന്നതാണ്. അങ്ങനെയുള്ളവർ അപേക്ഷാ ഫോമിലെ ബന്ധപ്പെട്ട കോളത്തിൽ ആയത് രേഖപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം നൽകിയിട്ടുള്ള അപേക്ഷയുടെ മാതൃക പൂരിപ്പിച്ച് രചനയോടൊപ്പം അയച്ചുതരേണ്ടതാണ്. രചനകളിൽ എഴുതിയ ആളിന്റെ പേരോ സ്കൂളിന്റെ പേരോ രേഖപ്പെടുത്തുവാൻ പാടുള്ളതല്ല. പ്രഥമാധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം വേണം രചനകൾ അയയ്ക്കേണ്ടത്. രചനയോടൊപ്പം രചയിതാവിന്റെ ഫോട്ടോയും ഉൾപ്പെടുത്തേണ്ടതാണ്. ഒന്നിലധികം മത്സരയിനങ്ങളിൽ പങ്കെടുക്കുന്നവർ വെവ്വേറെ അപേക്ഷാഫാറങ്ങൾ ഉപയോഗിക്കേണ്ടതാണ്. മത്സരത്തിനയയ്ക്കുന്ന രചനകൾ തിരികെ നൽകുന്നതല്ല. അപേക്ഷാഫോമും രചനകളും 2021 ജൂലൈ 31-നകം **എഡിറ്റർ വിദ്യാരംഗം മാസിക, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അയയ്ക്കുന്ന കവറിനു പുറത്ത് 'അധ്യാപക കലാസാഹിത്യമത്സരം 2021' എന്ന് രേഖപ്പെടുത്തേണ്ടതാണ്. മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ദേശീയ അധ്യാപകദിനമായ സെപ്തംബർ 5 നു നടക്കുന്ന ചടങ്ങിൽ വച്ച് ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ അതതു സമയത്തിൽ വിദ്യാഭ്യാസവകുപ്പ് സ്വീകരിക്കുന്ന തീരുമാനങ്ങൾക്കനുസൃതമായിട്ടായിരിക്കും കലാസാഹിത്യരചനകളുടെ മൂല്യനിർണ്ണയവും പുരസ്കാരവിതരണവും നടക്കുക.

**പൊതുവിദ്യാഭ്യാസഡയറക്ടർ**

പകർപ്പ്

1. സി.ഇ.ഒ., കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി വിഭാഗം)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)
5. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ പ്രിൻസിപ്പാൾ/വൈസ് പ്രിൻസിപ്പാൾ/പ്രധാന അധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)
7. കരുതൽ ഫയൽ

## അപേക്ഷാഫോറത്തിന്റെ മാതൃക

## വിദ്യാരംഗം കലാസാഹിത്യവേദി അധ്യാപക കലാസാഹിത്യമത്സരം 2021

1. ഇനം : **കഥ / കവിത / തിരക്കഥ / ഏകാങ്കനാടകം / ചിത്രരചന**
2. സൃഷ്ടിയുടെ പേര് :
3. അധ്യാപകന്റെ/അധ്യാപികയുടെ പേരും മേൽവിലാസവും (സ്കൂൾ) :
4. അധ്യാപകന്റെ ഫോൺ നമ്പർ :
5. സ്കൂളിന്റെ ഇ-മെയിൽ :
6. മുൻവർഷങ്ങളിൽ പുരസ്കാരം ലഭിച്ചിട്ടുണ്ടോ? :
7. ഉണ്ടെങ്കിൽ വർഷം, ഇനം :
8. കഴിഞ്ഞവർഷം അപേക്ഷ അയച്ചിട്ടുണ്ടോ? :
9. ഉണ്ടെങ്കിൽ ഈ വർഷം അത് പരിഗണിക്കണോ? :
10. അധ്യാപകന്റെ ഒപ്പ് :

### പ്രഥമാധ്യാപകന്റെ സർട്ടിഫിക്കറ്റ്

ശ്രീ./ശ്രീമതി........................................................................................ ഈ വിദ്യാലയത്തിൽ .......................................... വിഭാഗത്തിൽ ജോലി നോക്കുന്നു. വിദ്യാരംഗം അധ്യാപക കലാസാഹിത്യ മൽസരത്തിനയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അധ്യാപകൻ സ്വന്തമായി രചിച്ചതാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : പ്രഥമാധ്യാപകന്റെ ഒപ്പ്

തീയതി :

സ്കൂൾ സീൽ

---

**അപേക്ഷാഫോറത്തിന്റെ ഫോട്ടോകോപ്പിയിലോ ടൈപ്പ് ചെയ്തെടുത്ത കോപ്പിയിലോ വേണം പൂരിപ്പിച്ച് അയയ്ക്കേണ്ടത്.**